പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2277 13.02.2013 ൽ മറുപടി നൽകേണ്ടിയിരുന്ന ചോദ്യത്തിന്റെ അന്തിമ മറുപടി

ഗാർഹിക വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.ദാസൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒ.വൈ.സി അല്ലാതെ നോർമൽ കാറ്റഗറിയിൽ ഗാർഹിക വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനായി, എത്ര അപേക്ഷകൾ പൊതുജനങ്ങളിൽ നിന്നും ലഭിച്ചു എന്നത് ജില്ലാടിസ്ഥാനത്തിൽ ഡിവിഷൻ,സബ് ഡിവിഷൻ, സെക്ഷൻ ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ; | (എ) (ബി) & (സി) | ഉത്തരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ലഭിച്ചിട്ടുള്ള അപേക്ഷകളിൽ സർക്കാർ എത്രയെണ്ണത്തിൽ ഗാർഹിക കണക്ഷൻ നൽകി എന്നത് ഡിവിഷൻ, സബ്ഡിവിഷൻ സെക്ഷൻ തിരിച്ച് വ്യക്തമാക്കുമോ; | | |
| (സി) | ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ഇനി | | |

(1/2)

| | | | |
|---|---|---|---|
| | എത്ര കണക്ഷൻ നൽകാൻ ഉണ്ട് എന്നത് ജില്ലാടിസ്ഥാനത്തിൽ ഡിവിഷൻ, സബ് ഡിവിഷൻ സെക്ഷൻ തിരിച്ച് വ്യക്തമാക്കുമോ; | | |
| (ഡി) | നൽകാനുള്ള കണക്ഷൻ സമയബന്ധിതമായി നൽകാൻ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു എന്നും എപ്പോൾ കണക്ഷൻ നൽകും എന്നുള്ളതും വ്യക്തമാക്കുമോ? | (ഡി) | കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈകോഡ് 2005, വകുപ്പ് 7(1) പ്രകാരം വൈദ്യുതി കണക്ഷൻ ആവശ്യമായ വ്യക്തികളിൽ നിന്നും കണക്ഷൻ നൽകുന്നതിന് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ന്യായമായ നിരക്കിൽ ചെലവ് ഈടാക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുണ്ട്. സപ്ലൈകോഡിലെ വ്യവസ്ഥകൾ അനുസരിച്ച് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള നിരക്കിലുള്ള തുക ഈടാക്കി മാത്രമേ കണക്ഷനുകൾ നൽകാവൂ എന്ന നിർദ്ദേശവും കമ്മീഷൻ 10.11.2011-ൽ നൽകിയിട്ടുണ്ട്. അതിനാൽ ഗാർഹികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷനുകളും കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈകോഡിലെ വ്യവസ്ഥ പ്രകാരം ന്യായമായ നിരക്കിൽ ചെലവ് ഈടാക്കി മാത്രമേ നൽകുവാൻ കഴിയുകയുള്ളൂ. കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ന്യായമായ നിരക്കിലുള്ള തുക അടയ്ക്കുന്ന അപേക്ഷകർക്ക് കാലതാമസമില്ലാതെ വൈദ്യുതി കണക്ഷൻ നൽകുന്നുണ്ട്. കൂടാതെ 500 വാട്ട്സിന് താഴെ കണക്ടഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്കും 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള എസ്.സി/എസ്.ടി വിഭാഗത്തിലുള്ള അപേക്ഷകർക്കും (ലൈൻ നീട്ടൽ ആവശ്യമില്ലാത്ത) സൗജന്യ വൈദ്യുതി കണക്ഷനുകൾ |

| | | | |
|---|---|---|---|
| | | | പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഗാർഹിക വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള ലൈൻ നീട്ടൽ പ്രവർത്തികൾ ചെയ്യാൻ വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും കണക്റ്റഡ് ലോഡ് പരിധിയില്ലാതെ ആർ.ജി.ജി.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുവാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ